(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് ആവശ്യമില്ല. കാര്യക്ഷമതയോടെ ഫണ്ട് വിനിയോഗിക്കുവാൻ ഭാവിയിലും വ്യക്തമായ നടപടി സ്വീകരിക്കും.

കെ.എസ്.ആർ.ടി.സി.-ചുരുക്കപ്പേര് നിലനിർത്തൽ

15 (*315) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് അതിന്റെ വാണിജ്യ നാമം നിലനിർത്താൻ സാദ്ധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) കെ.എസ്.ആർ.ടി.സി. കേന്ദ്ര വ്യവസായ വകുപ്പിന് കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഇതേ പേരിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ് മാർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ ;

(ഡി) ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. അതിന്റെ ചുരുക്കപ്പേര് നില നിർത്തിക്കിട്ടാൻ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ;വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 1965 മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) എന്ന് പേര് ഉപയോഗിച്ചുവരുന്നു. 1974 മുതൽ KSRTC എന്ന ചുരുക്കപ്പേര് കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉപയോഗിച്ചു വരികയായിരുന്നു. എന്നാൽ കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ്മാർക്ക് രജിസ്ട്രിയിൽ KSRTC എന്ന ട്രേഡ് മാർക്കിന് അപേക്ഷ നല്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാം.

(ഡി) കെ.എസ്.ആർ.ടി.സി. എന്ന ചുരുക്കപദം കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കോപ്പി റൈറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തതായിട്ട് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് കോപ്പി റൈറ്റിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം 15-11-2014-ൽ ആണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക്, കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എം.ഡി. അയച്ച നൽകിയിട്ടുള്ളത്. കോപ്പി റൈറ്റിനും, ട്രേഡ് മാർക്കിനുമായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപേക്ഷിച്ചപ്പോൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ എതിർ കക്ഷിയാക്കിയിരുന്നില്ല. ഇപ്പോൾ അപ്പീൽ സമയപരിധിക്കുള്ളിൽ ആയതിനാൽ ടി വ്യവസ്ഥ പ്രകാരം വിശദാംശങ്ങൾ ശേഖരിച്ച് അപ്പീൽ ഫയൽ ചെയ്യുകഴിഞ്ഞു.

ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉല്പാദനവും വിപണനവും

16 (*316) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി ഉല്പന്നങ്ങളുടെ അനധികൃത ഉൽപാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) അനധികൃത ലഹരി വസ്തുക്കളുടെ ഉല്പാദനവും വിപണനവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും റെയ്ഡുകളും വാഹന പരിശോധന കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly